**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** **23-08-2022 - ൽ മറുപടിയ്ക്ക്**

**വാഹനം പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഫീ ഈടാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഷോപ്പിംഗ് മാളുകളിലും മറ്റും ഷോപ്പിംഗിന് എത്തുന്നവരുടെ വാഹനം പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഫീ ഈടാക്കുന്നതും ഇതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഷോപ്പിംഗ് മാളുകളിൽ വാഹനം പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഫീ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം മാളുകൾ കസ്റ്റമേഴ്സിന്റെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഫീസ് ഈടാക്കുന്നത് നിയമപരമാണോ; ആണെങ്കിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് അനുമതി നൽകിയതു സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | 1994 - ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 475(1)വകുപ്പ് പ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങൾ തുറക്കുന്നതിന് നഗരസഭയുടെഅനുമതി അനിവാര്യമാണ്. 1999 - ലെ കേരള മുൻസിപ്പാലിറ്റികെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 - ലെ പട്ടിക 5.2 - ൽ ക്രമ നമ്പർ 6 - ലെ ഗണം F - ൽ വരുന്ന വാണിജ്യ/കച്ചവട കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ആകെ കാർപെറ്റ് വിസ്തീർണ്ണം ആയിരം ച.മീറ്റർ വരെയുള്ള കെട്ടിടത്തിന് 75 ച. മീറ്റർ കാർപെറ്റ് വിസ്തീർണ്ണവും ആയിരം ച. മീറ്ററിൽ കവിഞ്ഞുള്ളവയ്ക്ക് 50 ചതുരശ്ര മീറ്റർ കാർപെറ്റ് വിസ്തീർണ്ണവും പാർക്കിംഗ് ഏരിയയ്ക്കായി മാറ്റിവയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം ആകെയുള്ള വിസ്തീർണ്ണത്തിന്റെ നിശ്ചിത അളവ് പാർക്കിംഗ് ഏരിയയ്ക്കായി മാറ്റിവെക്കേണ്ടത് അനിവാര്യമാണ്. ഇപ്രകാരം നിർണ്ണയിച്ച പാർക്കിംഗ് സ്ഥലത്ത് പാർക്കിംഗ് ഫീ ഈടാക്കുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽവ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്.പാർക്കിംഗ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഫീസ് ഈടാക്കുന്ന വിഷയത്തിൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 06.07.2022 തീയതിയിൽ ഒരു മീറ്റിംഗ് ചേരുകയും പാർക്കിംഗ് ഫീ ഈടാക്കുന്നതിൽ സർക്കാരിന്റെ നിയന്ത്രണം കൊണ്ടുവരുന്നതിനായി നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ |

| | | | |
|---|---|---|---|
| | | | തലത്തിൽ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പാർക്കിംഗ് ഫീസ് നൽകാതെ മാളുകളിൽ എത്തുന്നവരുടെ വാഹനം പാർക്ക് ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുമോ; | (സി) | ഇക്കാര്യത്തിൽ പരാതി ലഭിക്കുന്ന മുറക്ക് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിയമപരമല്ലെങ്കിൽ ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | നിയമപരമല്ലാത്ത പാർക്കിംഗ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പരാതി കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ